(ഡി) 1991 1491 രൂപ

1996 3253 രൂപ

(ഇ) 1999 4940 രൂപ

വിദേശ മൂലധന നിക്ഷേപം

5 (1275) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ മൂലധന നിക്ഷേപം എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിദേശ മൂലധന നിക്ഷേപം എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) ഇവ ഏതെങ്കിലും പദ്ധതികൾക്ക് മുടക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് മുടക്കിയിരിക്കുന്നത് എന്നും എത്രവീതം മുടക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) മറുപടി ശേഖരിച്ചു വരുന്നു.

ഡിസ്ക്രീഷനറി ഗ്രാന്റ്

6 (1276) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണഘടനയുടെ 275-ാം വകുപ്പു പ്രകാരമുള്ള ഡിസ്ക്രീഷനറി ഗ്രാന്റിൽ സംസ്ഥാന സർക്കാരിന്റെ ഷെയർ ഒൻപതു ശതമാനമായി കുറവു ചെയ്തിട്ടുണ്ടോ ;

(ബി) ഇതുമൂലമുളവായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ടോ ;

(സി) ഡിസ്ക്രീഷനറി ഗ്രാന്റ് വെട്ടിക്കുറച്ച നടപടിക്കെതിരെ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഔദ്യോഗികമായി അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ബി) ചോദ്യം 'എ' യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(സി) ചോദ്യം 'എ' യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത കടം

7 (1277) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) നാളിതുവരെ കേരള സർക്കാർ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും എത്ര കോടി രൂപ വായ്പ എടുത്തുവെന്നും പലിശ നിരക്ക് എന്താണെന്നും വ്യക്തമാക്കാമോ ;

(ബി) ഏതെങ്കിലും ബാങ്കുകൾക്ക് പലിശ കൊടുത്തിട്ടുണ്ടോ ; എങ്കിൽ അവയുടെ കണക്കുകൾ വെളിപ്പെടുത്തുമോ ;

(സി) തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നും സർക്കാർ വായ്പ എടുത്ത 104 കോടി രൂപയ്ക്ക് ഏതെല്ലാം അവസരങ്ങളിൽ പലിശ ഇനത്തിൽ എത്ര തുക വീതം കൊടുത്തു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) വായ്പയെടുത്തപ്പോൾ ഓരോ മൂന്ന് മാസം കൂടുമ്പോൾ പലിശ അടയ്ക്കാം എന്ന് സർക്കാർ വ്യവസ്ഥ ചെയ്തിരുന്നത് സർക്കാർ പാലിച്ചിട്ടുണ്ടോ ; ഇപ്പോൾ കൊടുത്തു തീർക്കുവാനുള്ള പലിശ കുടിശ്ശിക 53 കോടി രൂപയായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സർക്കാരിൽ നിന്ന് കിട്ടാത്ത പലിശ സംസ്ഥാന സഹകരണ ബാങ്ക് അതാത് ജില്ലാ സഹകരണ ബാങ്കുകളുടെ അക്കൗണ്ടുകളിൽ നിന്നും ബലമായി ഈടാക്കിയതിനാൽ പ്രസ്തുത ജില്ലാ ബാങ്കുകളുടെ പ്രവർത്തനം പ്രതിസന്ധിയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടില്ല.

(ബി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

(സി) തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നും സർക്കാർ വായ്പ എടുത്തിട്ടില്ല.

(ഡി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ടൈപ്പിസ്റ്റുമാരുടെ ശമ്പളം നിജപ്പെടുത്തുന്നതു സംബന്ധിച്ച്

8 (1278) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 6-2-1996-ലെ ജി. ഒ. (എം.എഫ്) 60/96/ഫിൻ. എന്ന സർക്കാർ ഉത്തരവനുസരിച്ചുള്ള ആനുകൂല്യങ്ങൾ 1-3-1992 മുതൽ പ്രാബല്യം നൽകി ഏതെല്ലാം വകുപ്പുകളിലെ ജീവനക്കാർക്ക് കൊടുക്കുവാനാണ് സർക്കാർ ഉത്തരവായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ ഉത്തരവുകളുടെ നമ്പരും, തീയതിയും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly